ഉത്തരം

(എ) വീട്ടുജോലികൾക്കായി വിദേശത്ത് പോകുന്ന സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പലതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നോർക്ക വകുപ്പ് നടപ്പിലാക്കിയ പ്രവാസി സ്വാശ്രയ എന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഇവർക്കും അംഗമാകാവുന്നതാണ്.

പ്രവാസികൾക്കുവേണ്ടി പ്രസിദ്ധീകരണം

150(4433) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കുവേണ്ടി നോർക്ക പ്രത്യേക പ്രസിദ്ധീകരണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) പ്രവാസികൾക്കുവേണ്ടി ഒരു പ്രത്യേക പ്രസിദ്ധീകരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ജൂലൈ 12, 13 തീയ്യതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന മറുനാടൻ മലയാളി സംഗമം സമന്വയം 2003-ന്റെ കർമ്മ പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച പ്രാഥമിക ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ.

സിനിമ വ്യവസായം തകരാതിരിക്കാൻ നടപടി

151 (4434) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിനിമ വ്യവസായം തകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വർദ്ധിച്ചു വരുന്ന സിനിമ നിർമ്മാണ ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുവേണ്ടി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ചിത്രാഞ്ജലീ സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങളുടെ വാടക ഗണ്യമായി സ്റ്റുഡിയോയുടെ സാങ്കേതിക സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗിച്ചു നിർമ്മിക്കുന്ന കോമേഴ്ഷ്യൽ ചിത്രങ്ങൾ കോർപ്പറേഷന്റെ തിയേറ്ററുകളിലൂടെ റിലീസ് ചെയ്യുകയാണെങ്കിൽ അത്തരം ചിത്രങ്ങൾക്ക് 15 ലക്ഷം രൂപവരെ ക്രഡിറ്റ് അനുവദിക്കുന്നതാണ്. ഇതിന് പുറമേ ചലച്ചിത്ര അക്കാദമി കേരള സംസ്ഥാന ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് ചലച്ചിത്ര സഹായപദ്ധതിയും ഇൻഷ്വറൻസ് സ്കീമും ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം മലയാള സിനിമ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി 4 ലക്ഷം രൂപാവരെ സബ്സിഡി നൽകിവരുന്നു.

മലയാള സിനിമയ്ക്ക് ഭീഷണി ഉയർത്തുന്ന അനധികൃത വീഡിയോ സിഡി നിർമ്മാർജ്ജനം ചെയ്യുന്നതിന് ആഭ്യന്തര വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. സിനിമ വ്യവസായവുമായി ബന്ധപ്പെട്ട സംഘടനകൾ സമർപ്പിച്ച നിവേദനത്തിലെ മറ്റ് ആവശ്യങ്ങൾ പരിശോധിച്ചുവരുന്നു.

വ്യാജ സി.ഡി. നിർമ്മാണം ഇല്ലാതാക്കാൻ നടപടി

152 (4435) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീഡിയോ പൈറസി വ്യാപകമാകുന്നതു മൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ ഒരു പഠനശോധന നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പുതുതായി റിലീസ് ചെയ്യുന്ന സിനിമകളുടെ വ്യാജ സി. ഡി. വ്യാപകമാകുന്നതുമൂലം സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് സർക്കാരിന് എതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ :

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) വ്യാജ സി. ഡി. നിർമ്മാണം പൂർണ്ണമായി ഇല്ലാതാകാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly